# KOLLAM CITY POLICE

https://www.kollam city.keralapolice.gov.in
https://www.facebook.com/citypolicekollam/
https://twitter.com/KlmCityPolice

Dated : 10/ 03/ 2021

## കൊല്ലത്ത് വൻ മയക്ക് മരുന്ന് വേട്ട

കൊല്ലം : നിരോധിത ഇനത്തിൽപ്പെട്ട ഉദ്ദേശം ഒരു ലക്ഷം രൂപാ വിലവരുന്ന പതിനേഴര ഗ്രാം എം.ഡി.എം.എ എന്ന മയക്കുമരുന്നുമായി കടപ്പാക്കട സ്വദേശിയായ യുവാവ് പോലീസ് പിടിയിലായി. ഇത്ര ഉയർന്ന അളവിൽ എം.ഡി.എം.എ കൊല്ലത്ത് പിടിക്കുന്നത് ആദ്യമാണ്. കടപ്പാക്കട ജനയുഗം നഗർ 83-ബി, തുണ്ടഴികത്ത് വീട്ടിൽ ദിനനായകൻ മകൻ ദീപു (25) ആണ് പോലീസ് പിടിയിലായത്. കൊല്ലം നഗരത്തിലും ജില്ലയുടെ വിവിധ ഭാഗങ്ങളിലും മയക്ക്മരുന്ന് എത്തിച്ച് നൽകുന്ന സംഘത്തിലെ പ്രധാനിയാണ് അറസ്റ്റിലായ ദീപു. മയക്ക് മരുന്ന് വിതരണത്തെ സംബന്ധിച്ച് ജില്ലാ പോലീസ് മേധാവി നാരായണൻ. റ്റി. ഐ.പി.എസ്സിന് ലഭിച്ച രഹസ്യവിവരത്തിന്റെ അടിസ്ഥാനത്തിൽ കഴിഞ്ഞ കുറേ ദിവസങ്ങളായി ഇയാൾ ജില്ലാ ഡാൻസാഫ് ടീമിന്റെ (മയക്ക് മരുന്ന് വിരുദ്ധ സ്ക്വാഡ്) നിരീക്ഷണത്തിലായിരുന്നു. ദിവസങ്ങൾ നീണ്ട നിരീക്ഷണത്തിനൊടുവിൽ വൻ മയക്ക്മരുന്ന് ശേഖരവുമായിട്ടാണ് ഇയാൾ ഉളിയക്കോവിൽ, റ്റി.കെ.ഡി.എം സ്ക്കൂളിന് സമീപത്ത് നിന്നും പിടിയിലായത്. സിൻതറ്റിക്ക് ഡ്രഗ്, പാർട്ടി ഡ്രഗ് എന്നിങ്ങനെ അറിയപ്പെടുന്ന എം.ഡി.എം.എ പത്ത് ഗ്രാമിൽ കൂടുതൽ കൈവശം വയക്കുന്നത് തന്നെ ഇരുപത് വർഷം വരെ കഠിന തടവും പത്ത് ലക്ഷം രൂപാ പിഴയും ലഭിക്കുന്ന കുറ്റമാണ്. ആവശ്യക്കാർക്ക് ഒരു ഗ്രാം, അരഗ്രാമം അളവിലാണ് വിൽപ്പന നടത്തുന്നത്. ഉപയോഗിച്ചാൽ പ്രത്യേകിച്ച് മണമോ മറ്റോ ഇല്ലാത്തതിനാൽ ഇത് കണ്ടെത്താൻ പ്രയാസമാണ്. ആശ്രാമം, കോളേജ് ജംഗ്ഷൻ, കളക്ട്രേറ്റ് ജംഗ്ഷൻ തുടങ്ങിയ സ്ഥലങ്ങളിലും ചില സ്കൂളുകളും കോളേജുകളും കേന്ദ്രീകരിച്ച് വിദ്യാർത്ഥികൾക്കും യുവതി യുവാക്കൾക്കുമാണ് മയക്ക് മരുന്ന് എത്തിച്ച് നൽകിയിരുന്നത്. ബാംഗ്ലൂർ നഗരത്തിലുള്ള ചില ആഫ്രിക്കൻ സ്വദേശികളിൽ നിന്നുമാണ് ഇയാൾ വൻതോതിൽ എംഡിഎംഎ സംഘടിപ്പിക്കുന്നതെന്ന് പ്രാഥമിക അന്വേഷണത്തിൽ വെളിപ്പെട്ടിട്ടുണ്ട്. കൊല്ലം അസിസ്റ്റന്റ് കമ്മീഷണർ ആർ. അനിൽകുമാർ, ഡി.സി.ബി അസിസ്റ്റന്റ് കമ്മീഷണർ റെജി, കൊല്ലം ഇസ്റ്റ് ഇൻസ്പെക്ടർ ഷാഫി. ബി.എം, എസ്സ്.ഐമാരായ സമ്പത്ത്. കെ.എൽ, ദിൽജിത്ത്, രാജ്മോഹൻ. എസ്സ്, ഡാൻസാഫ് എസ്സ്.ഐ ജയകുമാർ. ആർ, ഡാൻസാഫ് ടീം അംഗങ്ങളായ ബൈജു ജെറോം, സീനു, മനു, രിപു, രതീഷ് എന്നിവർ പങ്കെടുത്തു. കഴിഞ്ഞ ദിവസം ശക്തികുളങ്ങര ഹാർബർ പരിസരത്ത് നിന്നും എം.ഡി.എം.എ ശേഖരം ജില്ലാ ഡാൻസാഫ് ടീം പിടികൂടിയിരുന്നു. വരും ദിവസങ്ങളിലും റെയ്ഡ് തുടരുമെന്ന് ജില്ലാ പോലീസ് മേധാവി നാരായണൻ. റ്റി. ഐ.പി.എസ്സ് അറിയിച്ചു.



ദീപു @ കൊച്ചു ദീപു